# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141 — 30.09.2011 ൽ മറുപടിയ്ക്ക്

## കോർബാങ്കിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾഖാദർ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എ കെ. ബാലൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ത്രിതല ക്രഡിറ്റ് സംഘങ്ങളെയും ബ്രാഞ്ചുകളെയും കോർത്തിണക്കി കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. സഹകരണ മേഖലയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലാ സഹകരണ ബാങ്കുകളിലും ഇതിന്റെ മുന്നോടിയായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കാൻ സാധിക്കുന്നുണ്ടോ; പ്രധാനമായി എന്തെല്ലാം സർവ്വീസുകളുടെ അഭാവമാണ് സഹകരണ ബാങ്കുകളിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇന്റർനെറ്റ് എ.ടി.എം. സേവനങ്ങൾ ഇപ്പോൾ നൽകുന്നുണ്ടോ; | (ബി) കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ ലഭ്യമാക്കുവാൻ സാധിക്കുന്നില്ല. പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.റ്റി.ജി.എസ് ഇൻഷ്വറൻസ്, എൻ.ആർ.ഐ നിക്ഷേപം മുതലായ സേവനങ്ങളുടെ അഭാവമാണ് സഹകരണ ബാങ്കുകളിലുള്ളത്. സഹകരണ മേഖലയിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും ചില സർവ്വീസ് സഹകരണ ബാങ്കുകളും എ.റ്റി.എം. സൗകര്യം |

| | |
|---|---|
| | ഏർപ്പെടുത്തിയിട്ടുണ്ട്. കോർബാങ്കിംഗ് നടപ്പിലാക്കിയ ചില സഹകരണ ബാങ്കുകളിൽ നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) സർക്കാരും സംസ്ഥാന സഹകരണ ബാങ്കും ഇക്കാര്യത്തിൽ എടുക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വൽക്കരണം, ആധുനിക ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ, ഹൈപവർ കമ്മിറ്റി/സംസ്ഥാനതല-ജില്ലാതല കമ്മിറ്റികൾ നിയമിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ